**Athmaraksha.org**

പരി. അമ്മയും ജപമാലയും

## ചരിത്രത്തിൽ മറിയത്തിന്റെ സ്വാധീനം



1531ൽ മെക്സിക്കോ നഗരത്തിനടുത്തുള്ള പെയാക് മലയിൽ വാൻ ഡിയേഗോ എന്ന വ്യക്തിക്ക് പ്രത്യക്ഷപ്പെടുകയും, അദ്ദേഹത്തിന്റെ വസ്ത്രത്തിൽ അത്ഭുതകരമായി തന്റെ രൂപം പതിച്ചുനൽകുകയും ചെയ്തു. മനുഷ്യകുലത്തിന്റെ മുഴുവൻ ആത്മീയ മാതാവാണ് താൻ എന്നതായിരുന്നു പ്രധാന സന്ദേശം. സാമൂഹ്യതിന്മകളിൽ വിഹരിച്ചിരുന്ന മെക്സിക്കോയുടെ മുഖം തന്നെ ആ പ്രത്യക്ഷീകരണത്തോടെ മാറി. ഒരു രാജ്യത്തിന്റെ ധാർമ്മിക പുനഃസ്ഥാപനം ഒറ്റയ്ക്ക് കരങ്ങളിലേറ്റിയ മറിയം അങ്ങനെ ലാറ്റിൻ അമേരിക്കയിൽ ഏറ്റവും ശക്തയായ വനിതയായി.

1830ൽ മൂന്നുപ്രാവശ്യം ഫ്രാൻസിലെ പാരീസിൽ റുഡുബാക് എന്ന സ്ഥലത്ത് കാതറിൻ ലബോൺ എന്ന സ്ത്രീക്ക് മറിയം പ്രത്യക്ഷപ്പെട്ടു. അമലോത്ഭവ മെഡൽ അത്ഭുതകരമായി കാണിച്ചുകൊടുക്കുകയും അതിലൂടെ ഫ്രാൻസിലും യൂറോപ്പിന്റെ പല മേഖലകളിലും വലിയ ധാർമ്മിക നവീകരണം ആരംഭിക്കുകയും ചെയ്തു. അത്ഭുതമെഡൽ ലോകപ്രസിദ്ധമായി. കാതറിൻ ലബോണിന്റെ സന്ദേശങ്ങളും യാതൊരു ഭൗതിക ശക്തികൾക്കും വിതരണ മേഖലകൾക്കും എത്തിപ്പെടാൻ സാധിക്കാത്തിടത്തേക്ക് അത്ഭുതമെഡലിന്റെ സ്വാധീനം എത്തിയത് യുക്തിക്ക് വിവരിക്കാനാവുന്നതിനും അപ്പുറമാണ്. വീണ്ടും, ഫ്രാൻസിലെ സലേത്തെ എന്ന സ്ഥലത്ത് 1846ൽ പതിനൊന്നും പതിനാലും വയസ്സുള്ള രണ്ട് ഇടയ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് സാമൂഹ്യതിന്മയ്ക്കെതിരെ സന്ദേശം നൽകിയത് വലിയ നവോത്ഥാനത്തിന് കാരണമായി.

പതിനാലുകാരി ബർണദീത്തയ്ക്ക് മറിയം പ്രത്യക്ഷപ്പെടുന്നത് ഫ്രാൻസിലെ ലൂർദ്ദിൽ. പാപികളുടെ മാനസാന്തരത്തിനായി പരിഹാരപ്രവർത്തികൾ ചെയ്യണമെന്ന സന്ദേശം എത്താത്ത സ്ഥലങ്ങളില്ല. താൻ അമലോത്ഭവയാണെന്നുള്ള സത്യം വിദ്യാഭ്യാസമോ, അതിനെക്കുറിച്ചുള്ള അറിവോ ഇല്ലാത്ത പെൺകുട്ടിയ്ക്ക് മറിയം വെളിപ്പെടുത്തി നൽകി. ലൂർദ്ദിലെ അത്ഭുത അരുവിയിൽ സൗഖ്യം ലഭിച്ചവരുടെ എണ്ണം ലക്ഷകണക്കിന് വരും. അതിലധികവും ശാസ്ത്രീയമായും വൈദ്യശാസത്രപരമായും തെളിയിക്കപ്പെട്ടവ. ലൂർദ്ദ് ലോകഭൂപടത്തിൽ ചെലുത്തിയിരിക്കുന്ന സ്വാധീനം അത്ര ചെറുതല്ലെന്ന് തീർത്ഥാടകരുടെ ഒഴുക്ക് തന്നെ

വ്യക്തമാക്കും. എല്ലാ രാജ്യങ്ങളിൽനിന്നും തന്നെ അവിടെ സന്ദർശകരെത്തിയിട്ടുണ്ട്.

ഫ്രാങ്കോറഷ്യൻ യുദ്ധത്തിന്റെ സമയത്ത് 1871ൽ പടിഞ്ഞാറൻ ഫ്രാൻസിലെ പോന്ത്മെയ്ൻ എന്ന സ്ഥലത്ത് ആകാശത്ത് പ്രത്യക്ഷപ്പെട്ട് യുദ്ധത്തിനെതിരായ സന്ദേശം നൽകി. പാദത്തിനുതാഴെ ഒരു ബാനറിൽ പ്രത്യക്ഷപ്പെട്ട സന്ദേശം യുദ്ധസ്നേഹികളായ അനേകരെ പിന്തിരിപ്പിച്ചു. ആ ഗ്രാമത്തിലെ പലരും ആക്രമണങ്ങളിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തു.
അയർലണ്ടിലെ നോക്കിൽ മറിയം പ്രത്യക്ഷപ്പെടുന്നത് 1879ലാണ്. ഒരു ഗ്രാമത്തിലെ അനേകംപേർ ഈ പ്രത്യക്ഷീകരണത്തിന് സാക്ഷികളായി. മൂന്ന് മണിക്കൂറോളം ദർശനം നീണ്ടുനിന്നു. നാളിതുവരെ നോക്ക് തീർത്ഥാടനകേന്ദ്രം വ്യക്തികളുടെയും സമൂഹങ്ങളുടെയും ആത്മീയ വളർച്ചയ്ക്ക് നൽകുന്ന പങ്ക് എടുത്തുപറയത്തക്കതാണ്.

ചരിത്രം കണ്ട ഏറ്റവും പ്രസക്തമായ മരിയൻ പ്രത്യക്ഷീകരണം നടന്നത് 1917ൽ പോർച്ചുഗലിലെ ഫാത്തിമയിൽ. ഒമ്പതും ഏഴും ആറും വയസ്സുള്ള മൂന്നു കുട്ടികൾക്ക്. ഒക്ടോബർ മാസത്തിൽ അവർ ആറുപ്രാവശ്യം മറിയത്തെ കണ്ടു. താൻ ജപമാല രാജ്ഞിയാണെന്നും ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്നും മുഖ്യസന്ദേശം. റഷ്യയെ മറിയത്തിന്റെ വിമല ഹൃദയത്തിന് സമർപ്പിച്ചാൽ മാറ്റങ്ങളുണ്ടാകുമെന്ന സന്ദേശവും അതിന്റെ അനുസരണവും ലോകശക്തിയായ റഷ്യയെ മാറ്റിമറിച്ചു.

റുവാണ്ടയിലെ കിബേഹോയിൽ 1981 മുതൽ 1983 വരെ നൽകപ്പെട്ട സന്ദേശങ്ങൾ റുവാണ്ടൻ വംശഹത്യയ്ക്ക് മാറ്റമുണ്ടാക്കി. ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതും അല്ലാത്തതുമായ അനേകായിരം സംഭവങ്ങൾ വേറെയുണ്ട്. എല്ലാം വ്യക്തമാക്കുന്നത് ഒരു കാര്യംകാരണമില്ലാതെ മറിയം പ്രത്യക്ഷപ്പെട്ടിട്ടില്ല. സന്ദേശങ്ങളൊക്കെയും ചരിത്രവും സാമൂഹ്യരീതികളുമായി ബന്ധമുള്ളവ. ഒരു മനുഷ്യാവകാശപ്രവർത്തകയ്ക്കും അവകാശപ്പെടാനില്ലാതെ ഫലപ്രാപ്തിയുടെ തെളിമയും കൂടെയുണ്ട്. ഇങ്ങനെ സമൂഹത്തിൽ ഒരു സ്ത്രീ ചെലുത്തിയ സ്വാധീനങ്ങളുടെയും ശക്തിയുടെയും കണക്കെടുത്താൽ മറിയം രാജ്യങ്ങളെ കീഴടക്കിയവളാണ്. ജാതിമതഭേദമന്യേ സമൂഹത്തിൽ മാറ്റം വരുത്തിയ വ്യക്തിത്വമാണ്. എഴുതപ്പെട്ട പുസ്തകങ്ങളും വിവരിക്കപ്പെട്ട സന്ദേശങ്ങളും അതിലും ശക്തിയായ സ്വാധീനമുള്ളവ.

സെക്കുലർ നിരീക്ഷകർക്കുപോലും സമ്മതിക്കേണ്ടിവരും, ചരിത്രത്തിലെ ഏറ്റവും ശക്തയായ സത്രീ നസ്രത്തിലെ മറിയമാണെന്ന്. ഒരു മനുഷ്യസ്ത്രീക്ക് അസാധ്യമായ രീതിയിലേക്ക് ചരിത്രത്തിൽ മറിയത്തിന്റെ സ്വാധീനം വളരുമ്പോൾ നിരീശ്വരവാദികൾ പോലും അല്പമൊന്ന് ശങ്കിക്കും, ഇതെങ്ങനെ സംഭവിക്കുന്നെന്ന്? ദൈവമാതാവാണ് മറിയമെന്ന ചിന്തയല്ലാതെ മറ്റൊന്നിനും എളുപ്പമുള്ള ന്യായീകരണം നൽകാനാവുമെന്ന് തോന്നുന്നില്ല. ക്രിസ്തുവിന്റെ ദൈവത്വത്തിലേക്കുള്ള ചൂണ്ടുവിരൽ കൂടിയാകുന്ന ആ നിരീക്ഷണം. ലോകം മുഴുവൻ മില്യൺ കണക്കിന് പ്രേക്ഷകരുള്ള നാഷണൽ ജ്യോഗ്രഫി ചാനൽ ഇത്തരമൊരു പ്രോഗ്രാം നിർമ്മിച്ചതിൽ വിശ്വാസികൾക്ക് അഭിമാനിക്കാം.